DESPATCHED
On 18/5/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 209(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 3672/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മേയ് 10**

ശ്രീ. നിഷാദ് ശോഭനൻ,
പുളിങ്ങ്യാൻപിള്ളി വീട്,
പുത്തൻവേലിക്കര പി.ഒ.,
മളവന, എറണാകുളം – 683 594.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,
പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത്,
പുത്തൻവേലിക്കര പി.ഒ., എറണാകുളം.

2) അപ്പീൽ അധികാരി &
ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ,
ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്,
കുറുമശ്ശേരി, എറണാകുളം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 21/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 18/01/2022 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 20/01/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 24/02/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 26/02/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 11/03/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 31/03/2022 |

## ഉത്തരവ്

ശ്രീ. നിഷാദ് ശോഭനൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഇതേ വരെ നൽകിയിട്ടില്ലെന്നും മന:പുർവ്വം തെറ്റായ വിവരങ്ങളാണ് എസ്.പി.ഐ.ഒ. നൽകിയതെന്നും ആയതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ ആവശ്യപ്പെട്ട

വിവരങ്ങൾ നൽകാത്ത ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ച് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

2. ഹർജിക്കാരൻ പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ. മുമ്പാകെ 21.12.2021-ന് സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത്, പുത്തൻവേലിക്കര പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും ബി.പി.എൽ. ലിസ്റ്റിൽപ്പെട്ടവരുടെ വിവരങ്ങൾ വാർഡ് തിരിച്ച് വ്യക്തവും വിശദവുമായ വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 18.01.2022 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, പുത്തൻവേലിക്കര ഗ്രാമപഞ്ചായത്തിലെ ബി.പി.എൽ. കുടുംബങ്ങളെ സംബന്ധിച്ച 2009 സർവ്വെ പ്രകാരമുള്ള ഗുണഭോക്താക്കളുടെ പട്ടിക ലഭിക്കുന്നതിന് പേജ് ഒന്നിന് 3/- രൂപ വീതം ഗ്രാമപഞ്ചായത്ത് ഓഫീസിൽ അടക്കേണ്ടതാണെന്നും തുക അടയ്ക്കുന്ന മുറക്ക് പ്രസ്തുത ബി.പി.എൽ പട്ടികയുടെ . പകർപ്പ് നൽകുന്നതാണെന്നുമാണ്. മേൽപ്പടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ 20.01.2022 തീയതി കുറുമശ്ശേരി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ മുമ്പാകെ ഒന്നാം അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് നൽകിയ മറുപടിയിൽ അറിയിച്ചത്, ടിയാൻ സമർപ്പിച്ചിട്ടുള്ള ഒന്നാം അപ്പീൽ അപേക്ഷ യഥാർത്ഥത്തിൽ നൽകേണ്ടത് പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കായതിനാൽ ടി അപേക്ഷ ഒന്നാം അപ്പീൽ അധികാരിയായ പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ടെന്നാണ്. തുടർന്ന് ടി അപ്പീൽ അപേക്ഷ പാറക്കടവ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർക്ക് തന്നെ 7.2.2022-ന് അയച്ചു കൊടുത്തതായും കാണുന്നു.

4. ഒന്നാം എതിർകക്ഷി 25.3.2022 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പുത്തൻവേലിക്കര പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലെയും ബി.പി.എൽ. ലിസ്റ്റിൽപ്പെട്ടവരുടെ വിവരങ്ങൾ വാർഡ് തിരിച്ച് വ്യക്തവും വിശദവുമായി വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ.നിഷാദ് ശോഭനൻ 21.12.2021-ൽ പുത്തൻവേലിക്കര ഗ്രാമപഞ്ചായത്ത് പൊതുവിവരാവകാശ ഓഫീസർക്ക് സമർപ്പിച്ച അപേക്ഷ വിവരാവകാശ നിയമം 6(3) വകുപ്പുപ്രകാരം ടി ഓഫീസിലേക്ക് 23.12.2021-ൽ കൈമാറിയിട്ടുള്ളതാണെന്നും പ്രസ്തുത അപേക്ഷയിൽ ആവശ്യപ്പെട്ട ബി.പി.എൽ. ലിസ്റ്റ് പകർപ്പ് ലഭിക്കുന്നതിനായി പേജ് ഒന്നിന് 3/- രൂപ വീതം അടക്കേണ്ടതാണെന്നും തുക അടയ്ക്കുന്ന മുറക്ക് ബി.പി.എൽ. പട്ടികയുടെ പകർപ്പ് നൽകുന്നതാണെന്നും പ്രസ്തുത കാലയളവിൽ ടി ഓഫീസിലെ പൊതുവിവരാവകാശ ഓഫീസറായിരുന്ന വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ അപേക്ഷകന് അറിയിപ്പ് നൽകിയിട്ടുള്ളതാണെന്നും എന്നാൽ നാളിതുവരെ

അപേക്ഷകൻ ഫീസ് അടിച്ചിട്ടില്ലാത്തതിനാൽ ബി.പി.എൽ. ലിസ്റ്റിന്റെ പകർപ്പ് നൽകിയിട്ടില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ഫീസ് ഇളവ് ലഭിക്കുന്നതിന് വേണ്ടി ഹാജരാക്കിയിരുന്ന സാക്ഷ്യപത്രം കേരള സംസ്ഥാന ലീഗൽ സർവ്വീസ് അതോറിറ്റി (KELSA) മുമ്പാകെ ഹാജരാക്കുന്നതിനുള്ള ആവശ്യത്തിലേക്കായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കിയതാണെന്ന് കാണുന്നു. ടി സാക്ഷ്യപത്രം വിവരാവകാശ നിയമപ്രകാരം ഫീസ് ഇളവ് ലഭിക്കുന്നത് അംഗീകരിക്കാവുന്നതല്ല. ടി കാരണത്താൽ തന്നെ ടി അപേക്ഷ നിരസിച്ച് വിവരം ഹർജിക്കാരനെ എസ്.പി.ഐ.ഒ. അറിയിക്കുന്നതിന് പകരം പകർപ്പ് ഫീ ഒടുക്കുവാൻ നിർദ്ദേശം നൽകി മറുപടി നൽകുകയാണ് ഒന്നാം എതിർകക്ഷി ചെയ്തിട്ടുള്ളത്. ആയതിനാൽ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകുന്നതിൽ ഒന്നാം എതിർകക്ഷി മന:പൂർവ്വമോ ബോധപൂർവ്വമോ വീഴ്ച വരുത്തിയിട്ടില്ല എന്നതിനാൽ ഈ അപ്പീൽ ഹർജിയിൽ ഹിയറിംഗ് ആവശ്യമില്ലെന്ന് വിലയിരുത്തിയും, വിവരാവകാശ നിയമപ്രകാരം അപേക്ഷാ ഫീ, പകർപ്പ് ഫീ എന്നിവയിൽ ഇളവ് ലഭിക്കുന്നതിനുള്ള ആധികാരികമായ സാക്ഷ്യപത്രം ഹർജിക്കാരൻ ഹാജരാക്കുന്നപക്ഷം ആവശ്യപ്പെട്ട വിവരം സമയബന്ധിതമായി ഹർജിക്കാരന് നൽകണമെന്ന് ഒന്നാം എതിർകക്ഷിക്ക് നിർദ്ദേശം നൽകിയും ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 10-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

us